## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:2736** **10.07.2015- ൽ മറുപടിയ്ക്ക്**

### പുറം ബണ്ട് നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മോൻസ് ജോസഫ് | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ പാടശേഖരങ്ങളുടെ പുറം ബണ്ട് നിർമ്മാണത്തിന് കൃഷി വകുപ്പ് ധനസഹായം നൽകു-ന്നുണ്ടോ; ഇതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ; | (എ) ആലപ്പുഴ ജില്ലയിൽ 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് (കുട്ടനാട് പാക്കേജ്) പദ്ധതിയിൽ ഉൾപ്പെടുത്തി പാടശേഖരങ്ങളുടെ പുറംബണ്ട് നിർമ്മാണം നടത്തുന്നതിനായി 2014-15 വർഷം ധന സഹായം നൽകിയിട്ടുണ്ട്. ഇതിന്റെ നിർമ്മാണം ജലസേചന വകുപ്പ് മുഖാന്തിരമാണ് നടപ്പിലാക്കുന്നത്. എന്നിരുന്നാലും കൃഷി വകുപ്പ് എഞ്ചിനീയർ തയ്യാറാക്കുന്ന എസ്റ്റിമേറ്റ് പ്രകാരം പുറംബണ്ട് നിർമ്മാണത്തിനായി ആർ.കെ.വി.വൈ, ആർ.ഐ.ഡി.എഫ് തുടങ്ങിയ പദ്ധതികളിൽ ഉൾപ്പെടുത്തി അനുമതി നൽകാറുണ്ട്. |
| ബി) പുറം ബണ്ട് നിർമ്മാണത്തിന് കൃഷി വകുപ്പ് നൽകുന്ന ധനസഹായം എത്രയാണെന്ന് അറിയിക്കാമോ; ഇതു സംബന്ധിച്ച് പുതുക്കിയ മാനദണ്ഡം നിലവിലുണ്ടോ; | (ബി) ഓരോ വർഷവും സർക്കാർ നിശ്ചയിക്കുന്ന മാനദണ്ഡം (സി.പി.ഡബ്ല്യു.ഡി നിരക്ക്) അനുസരിച്ചാണ് ധനസഹായം നൽകി-വരുന്നത്. |
| സി) കൃഷിനാശം സംഭവിച്ച കൃഷിക്കാർക്ക് നൽകി വരുന്ന നഷ്ടപരിഹാരത്തിന്റെ പുതുക്കിയ നിരക്കുകൾ എത്രയാണെന്ന് അറിയിക്കാമോ; ഇതിൽ സംസ്ഥാന സർക്കാർ വഹിക്കുന്ന തുക, കേന്ദ്ര ഗവൺമെന്റ് | (സി) റവന്യൂ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച സ.ഉ (എം.എസ്) നം.239/2012/ ഡി.എം.ഡി, തീയതി 11.6.2012 പ്രകാരം 2012 ഏപ്രിൽ 1 മുതൽ പുനർനിർണ്ണയിച്ച് ഉത്തരവായതു പ്രകാരമാണ് നഷ്ടപരിഹാരത്തുക നൽകി-വന്നിരുന്നത്. എന്നാൽ 24.10.2013 മുതൽ സ.ഉ (എം.എസ്) നം.48/14/ഡി.എം.ഡി., |

| | |
|---|---|
| വഹിക്കുന്ന തുക ഇവ എത്രയെന്ന് അറിയിക്കാമോ? | തീയതി.24.01.2014 പ്രകാരമുള്ള നഷ്ടപരിഹാരത്തുക നൽകുന്നതിനാണ് ഉത്തരവായിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.<br>1) ഉദ്യാന വിളകൾ ഉൾപ്പെടെയുള്ള ഹ്രസ്വകാല കാർഷിക വിളകൾക്ക് — ഹെക്ടറിന് 4,500/- രൂപ (മഴയെ ആശ്രയിച്ചുള്ള കൃഷിയിടങ്ങളിൽ) ഹെക്ടറിന് 9,000/- രൂപ (ജലസേചനം ആശ്രയിച്ചുള്ള കൃഷിയിടങ്ങൾ)<br>2) ദീർഘകാല വിളകൾക്ക് — ഹെക്ടറിന് 12,000/- രൂപ<br><br>സ.ഉ (എം.എസ്) നം.194/2015/ഡി.എം.ഡി., തീയതി.20.05.2015 പ്രകാരം 01.04.2015 മുതൽ നഷ്ടപരിഹാരത്തുക യഥാക്രമം ഹെക്ടറിന് 6,800/- രൂപ, 13,500/- രൂപ, 18,000/- രൂപ നൽകുന്നതിനാണ് ഉത്തരവായിട്ടുള്ളത്. സ.ഉ (എം.എസ്) നം.239/12/ഡി.എം.ഡി. പ്രകാരമുള്ള നിരക്കിൽ തന്നെ കൃഷിനാശത്തിനുള്ള നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ